# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

30.01.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:989

## കാളിപ്പാറ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കാളിപ്പാറ പദ്ധതി കൊല്ലയിൽ ഗ്രാമപഞ്ചായത്തിലേക്ക് നീട്ടി നൽകി ധനുവച്ചപുരം ഗവൺമെന്റ് ഐ.ടി.ഐയിൽ ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് മേഖലയിൽ ജല വിതരണം നടത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) & (ബി) | ഈ പദ്ധതി പ്രകാരം പൊൻവിളയിലെ ജലസംഭരണിയിൽ നിന്നും ശുദ്ധജലം ധനുവച്ചപുരം ഗവ.ഐ.ടി.ഐയിൽ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന . ഉപരിതല സംഭരണിയിൽ എത്തിക്കാനും ഇതിൽ നിന്നും കൊല്ലയിൽ പഞ്ചായത്തിൽ ജല വിതരണം നടത്തുവാനുമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ, കാളിപ്പാറ പദ്ധതിയിൽ നിന്നും പൊൻവിളയിൽ പൂർണ്ണതോതിൽ ശുദ്ധജല മെത്തിക്കുന്നതിന് നെയ്യാറ്റിൻകര ആശുപത്രി ജംഗ്ഷന് സമീപം റെയിവേ ക്രോസിങ്ങിന് അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ ഇതര മാർഗ്ഗമെന്ന നിലയിൽ റെയിവേ ക്രോസിങ് എത്തുന്നതിനു മുമ്പുള്ള ഭാഗത്തു നിന്നും ശുദ്ധ ജലം ടാപ്പ് ചെയ്ത് ധനുവച്ചപുരം ഗവണ്മെന്റ് ഐ.ടി.ഐയിൽ എത്തിക്കാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു . |
| (ബി) | കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി കൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ